കേരളാ പഞ്ചായത്ത് കോ.ഓപ്പറേറ്റീവ് ഹോസ്പിറ്റൽ എംപ്ലോയീസ് അസോസിയേഷന്റെ നിവേദനം

*254 [269] ശ്രീ. ത്യാഗരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-സഹകരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ പഞ്ചായത്ത് കോ--ഓപ്പറേറ്റീവ് ഹോസ്പിറ്റൽ എംപ്ലോയീസ് അസോസിയേഷൻ ഒരു നിവേദനം സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേലുള്ള നടപടികളും എന്തായി എന്ന് വിശദീകരിക്കുമോ;

(സി) നിവേദനത്തിൽ ഉന്നയിച്ചിരിക്കുന്ന ആവശ്യങ്ങൾ എന്തെന്ന് വ്യക്തമാക്കുമോ?

റവന്യൂ-സഹകരണ മന്ത്രി (ശ്രീ. ബേബിജോൺ):

(എ) കേരളാ സ്റ്റോറ് കോ--ഓപ്പറേറ്റീവ് ഹോസ്പിറ്റൽ എംപ്ലോയീസ് അസോസിയേഷൻ ഒരു നിവേദനം സമർപ്പിച്ചിട്ടുണ്ട്.

(ബി) സഹകരണ ആശുപത്രികളും ഡിസ്പെൻസറികളും നേരിടുന്ന പ്രശ്നങ്ങളെ പറ്റിച്ച് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുവാൻ സർക്കാർ ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. കമ്മിറ്റി അതിന്റെ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു.

(സി) നിവേദനത്തിൽ ഉന്നയിച്ചിരുന്ന ആവശ്യങ്ങൾ താഴെപറയുന്നവയാണ്:

1. ജീവനക്കാർക്ക് ആകർഷകമായ സേവന വേതന വ്യവസ്ഥകൾ ഏർപ്പെടുത്തുക.

2. സംഘത്തിൽ നിയമനം ലഭിക്കുന്ന ഡോക്ടർ 1,500 രൂപയുടെ ഓഹരിയെടുക്കണമെന്നതു മാറ്റി 25 രൂപയായി കുറയ്ക്കുക.

3. സഹകരണാശുപത്രികൾക്ക് സ്വന്തമായി കെട്ടിടങ്ങൾ നിർമ്മിക്കുവാൻ ഗ്രാന്റ് നൽകുക.

4. ഗ്രാമപ്രദേശങ്ങളിലുള്ള സ്ഥാപനങ്ങളെ അപ്ഗ്രേഡ് ഫാമിലി പ്ലാനിംഗ് സെന്റർ ആക്കി മാറ്റുക.

5. മരുന്നുവാങ്ങുന്നതിന് 10,000 രൂപ പ്രതിവർഷം ഗ്രാന്റായി നൽകുക.

6. ഈ സ്ഥാപനങ്ങൾ സർക്കാർ ഏറ്റെടുക്കുകയോ, ജീവനക്കാർക്ക് സർക്കാർ നിരക്കിലുള്ള സേവനവേതന വ്യവസ്ഥകൾ അനുവദിക്കുകയോ ചെയ്യുക.

മരുന്നു വിതരണം

*255 [270] ശ്രീ. എം.കെ. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ മരുന്നു വിതരണം നടത്തുന്നത് എന്തു മാനദണ്ഡത്തിലാണ്;

LIBRARY ARCHIVES Kerala Legislative Assembly